**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1263** **07-12-2022 - ൽ മറുപടിയ്ക്ക്**

**മൂർക്കനാട് പാൽപ്പൊടി ഉല്പാദന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ മൂർക്കനാട് കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ വഴി പൂർത്തീകരിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ച പാൽപ്പൊടി ഉല്പാദന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | 53.93 കോടി രൂപ അടങ്കൽ തുക വരുന്ന ഈ പദ്ധതിക്ക് 15 കോടി രൂപ സർക്കാരിൻറെ വാർഷിക പദ്ധതി വിഹിതമായും, 32.72കോടി രൂപ ഞകഉഎ പദ്ധതിയിൽ ഉൾപ്പെടുത്തി ചഅആഅഞഉ മുഖേനയുള്ള സാമ്പത്തിക വിഹിതമായും ബാക്കി വരുന്ന മുഴുവൻ തുകയും പദ്ധതിയുടെ അവസാന ഘട്ടത്തിൽ മേഖലാ യൂണിയൻ വിഹിതമായും ലഭ്യമാക്കിക്കൊണ്ട് മേഖലായൂണിയൻ ഈ പദ്ധതിക്കുള്ള പ്രാരംഭ പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു. പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ സിവിൽ, വർക്കുകൾ മെക്കാനിക്കൽ വർക്കുകൾ, ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ പുരോഗമിച്ചുവരികയാണ്. കൂടാതെ മലിനജല നിർമ്മാർജ്ജന പ്ലാൻറ്, ബോയിലറിനായുള്ള കെട്ടിടം, സ്ട്രക്ച്ചറൽ ഗ്ലേസിംഗ് വർക്കുകൾ, പൈപ്പ് ലൈൻ വർക്കുകൾ, ഫയർ ആൻറ് സേഫ്റ്റി വർക്കുകൾ, എന്നിവ പുരോഗമിച്ചുവരുന്നു. പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ ചെലവ് വർദ്ധിപ്പിക്കണമെന്നും അധിക സർക്കാർ ധനസഹായം അനുവദിച്ചു നൽകണമെന്നുമുള്ള മിൽമയുടെ അപേക്ഷ പരിഗണനയിലാണ്. |
| (ബി) | ഈ ഡയറിയിൽ നിലവിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്ന് വരുന്നതെന്നും എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ സിവിൽ വർക്കുകൾ, മെക്കാനിക്കൽ വർക്കുകൾ, ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ പുരോഗമിച്ചുവരികയാണ്. കൂടാതെ മലിനജല നിർമ്മാർജ്ജന പ്ലാന്റ്, ബോയിലറിനായുള്ള കെട്ടിടം, സ്ട്രക്ച്ചറൽ ഗ്ലേസിംഗ് വർക്കുകൾ, പൈപ്പ് ലൈൻ വർക്കുകൾ, ഫയർ ആന്റ് സേഫ്റ്റി വർക്കുകൾ, എന്നിവ പുരോഗമിച്ചുവരുന്നു. ഓർഡർ ചെയ്ത മെഷിനറികളിൽ പലതും എത്തിക്കഴിഞ്ഞിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിൻറെ നടപടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ